വേണ്ടിയുള്ളതാണ്. നബാർഡ് ആർ.ഐ.ഡി.എഫ്. 20-ൽ ഇംപ്രൂവ്മെന്റ് സ് ടു ട്രിബ്യൂട്ടറീസ് ഓഫ് അങ്കമാലി-മാഞ്ഞാലി തോട് (മൂക്കന്നൂർ ആന്റ് കറുകുറ്റിതോട്) എന്ന പേരിൽ 2170 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട് മൂക്കന്നൂർ, കറുകുറ്റി തോടുകളുടെ ആഴം കൂട്ടലും കയ്യേറ്റം ഒഴിപ്പിക്കലും സൈഡ് പ്രൊട്ടക്ഷനുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ 802/351 ഇന നമ്പരിൽ അങ്കമാലി- മാഞ്ഞാലി തോടിന്റെ മൂന്നുതോട് മുതൽ വളവഴി കവല വരെയുള്ള ഭാഗത്തിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനായി 2.90 കോടി രൂപയുടെയും 802/353 നമ്പറിൽ അങ്കമാലി-മാഞ്ഞാലി തോടിന്റെ വളവഴി മുതൽ നായത്തോട് തുറവരെയുള്ള ഭാഗത്തിന്റെ പാർശ്വ സംരക്ഷണത്തിനായി 2.80 കോടി രൂപയുടെയും പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

നീലേശ്വരം മുനിസിപ്പൽ ബസ്സ്റ്റാൻഡ് നിർമ്മാണത്തിനുള്ള സ്ഥലം

146 (7443) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നീലേശ്വരം മുനിസിപ്പാലിറ്റി ബസ്സ്റ്റാൻഡ് നിർമ്മാണത്തിന് 2 വർഷം മുമ്പ് ഈ സർക്കാർ അനുവദിച്ച സ്ഥലം നാളിതുവരെയായും അളന്നു തിട്ടപ്പെടുത്തി നൽകാൻ കൂട്ടാക്കാത്ത കാർഷിക സർവ്വകലാശാല അധികൃതർക്ക് എതിരെ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മന്ത്രിസഭാ തീരുമാനപ്രകാരം നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യവികസനത്തിനായാണ് സ്ഥലം അനുവദിച്ചത് എന്നതിനാൽ മന്ത്രിസഭാ തീരുമാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർക്കും രജിസ്ട്രാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ

147 (7444) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ആകെയുള്ള കൃഷി ഓഫീസുകൾ എത്ര ; ഇതിൽ കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ എത്ര ; വിശദാംശം നൽകാമോ ;

(ബി) ഉടുമ്പൻചോലയിൽ ഇപ്പോൾ കൃഷി ഓഫീസറുടെ സേവനം ലഭ്യമാണോ ; ഇല്ലെങ്കിൽ എത്ര കാലമായി പ്രസ്തുത ഓഫീസിൽ കൃഷി ഓഫീസറുടെ സേവനം ലഭ്യമല്ലാതായിട്ട് ; എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly